**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1098** **29-08-2022 - ൽ മറുപടിയ്ക്ക്**

**നാട്ടിക ഫർക്ക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാട്ടിക, കൈപ്പമംഗലം, മണലൂർ, ഗുരുവായൂർ മണ്ഡലങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ നാട്ടിക ഫർക്ക പദ്ധതി പ്രകാരം വാടാനപ്പള്ളി പഞ്ചായത്തിൽ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; | (എ) | നാട്ടിക, കൈപ്പമംഗലം, മണലൂർ, ഗുരുവായൂർ മണ്ഡലങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ നാട്ടിക ഫർക്ക പദ്ധതി പ്രകാരം നാട്ടിക സബ്ഡിവിഷന്റെ കീഴിലെ വാടാനപ്പിള്ളി പഞ്ചായത്തിൽ 3341 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. അതിൽ 3290 എണ്ണം, ഗാർഹികവും 51 എണ്ണം ഗാർഹികേതരവുമാണ്. |
| (ബി) | രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന തീരദേശ പഞ്ചായത്തായ വാടാനപ്പള്ളി പഞ്ചായത്ത് പരിധിയിൽ കൃത്യമായി വെള്ളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ജൽജീവൻ മിഷൻ പദ്ധതി പ്രകാരം വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവൃത്തി പൂർത്തികരിക്കുന്ന മുറയ്ക്കും കിഫ്ബി വഴി പമ്പിംഗ് മെയിൻ ഇടുന്നതിനുള്ള പ്രവൃത്തി പ്രാവർത്തികമാവുന്ന മുറയ്ക്കും ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ജൽജീവൻ മിഷൻ പദ്ധതി പ്രകാരം വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവൃത്തി പൂർത്തികരിക്കുന്ന മുറയ്ക്കും കിഫ്ബി വഴി പമ്പിംഗ് മെയിൻ ഇടുന്നതിനുള്ള പ്രവൃത്തി പ്രാവർത്തികമാവുന്ന മുറയ്ക്കും ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പിടുന്നതിനായി പൊളിച്ച റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | പ്രവൃത്തി പൂർത്തീകരിക്കുന്ന സമയം തന്നെ പൊളിച്ച ഭാഗങ്ങൾ നികത്തി ഉപയോഗ യോഗ്യമാക്കിയാണ് പദ്ധതി പൂർത്തീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ